Draft #6 of File 25667/AC A4-1/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 02-Dec-2025 03:34 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

B.Arch 2013 അഡ്മിഷൻ ബാച്ച് (2011 റെഗുലേഷൻസ് ) വിദ്യാർത്ഥി Muyassir Moidu (PRN :13052029) - S1S2 - Architectural Graphics (2011 AR 107), പത്താം സെമസ്റ്ററിലെ Thesis And Viva Voce (2011 AR 1001) - 2011 സ്കീം & സിലബസിൽ തന്നെ പൂർത്തീകരിക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയിന്മേൽ ചെയർമാൻ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ നൽകിയ ശിപാർശ - സിൻഡിക്കേറ്റ് അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 11350/AC A 4/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.12.2025

---

*പരാമർശം:*-1. 06.03.2025 തീയതിയിൽ Muyassir Moidu സമർപ്പിച്ച അപേക്ഷ .

2 . 01.07.2025 ൽ ചെയർമാൻ , ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ നൽകിയ ശിപാർശ

3. 31.10.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (25.08) ഇനം നമ്പർ : 50 / 25 .08 /25667 / AC A 4 -1 / 2025

**ഉത്തരവ്**

Holy Crescent College of Architecture, Aluva - 2013 അഡ്മിഷൻ ബാച്ച് വിദ്യാർത്ഥിയായിരുന്ന Muyassir Moidu (PRN :13052029), (2011 റെഗുലേഷൻസ്), തനിക്ക് വിജയിക്കാൻ സാധിക്കാതിരുന്ന S1 & S2 - Architectural Graphics (2011 AR 107), പത്താം സെമസ്റ്ററിലെ Thesis And Viva Voce (2011 AR 1001) എന്നീ വിഷയങ്ങൾ 2011 സ്കീം & സിലബസിൽ തന്നെ പൂർത്തീകരിക്കുവാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു .

B Arch 2011 Regulations (2011 - 2018 അഡ്മിഷൻ ) Clause 3.4 പ്രകാരം, പ്രസ്തുത പ്രോഗ്രാമിൽ ബിരുദം നേടുന്നതിനായി വിദ്യാർത്ഥി അഡ്മിഷൻ എടുത്തത് മുതൽ 10 വർഷത്തിനുള്ളിൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം ("The Course should be completed within a period of 10 years since his/her first admission to B.Arch programme for the award of the degree"). ആയതിനാൽ റഗുലേഷൻസ് പ്രകാരം ടി വിദ്യാർത്ഥിക്ക് സപ്ലിമെന്ററി അവസരം ഉൾപ്പെടെ എഴുതി കോഴ്സ് പാസ്സാകുന്നതിനുള്ള കാലാവധി 2023 വരെ ആയിരുന്നു. 2019 അഡ്മിഷൻ മുതൽ ബി.ആർക്കിനു പുതിയ സ്കീം & സിലബസ് നിലവിൽ വന്നിട്ടുള്ളതിനാലും, റീ അഡ്മിഷൻ എടുക്കുന്നതിനുള്ള പരമാവധി കാലയളവായ 10 വർഷം കഴിഞ്ഞിട്ടുള്ള സാഹചര്യത്തിലും, 2019 Regulations ബാച്ചിനോടൊപ്പം ടി വിദ്യാർത്ഥിക്ക് റീ - അഡ്മിഷൻ നൽകുന്നത് സാധ്യമായിരുന്നില്ല.

മേൽ സൂചിപ്പിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത വിഷയം സംബന്ധിച്ചു ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ ന്റെ അഭിപ്രായം ആരായുകയും , ടി വിദ്യാർത്ഥിക്ക് അഞ്ച് വർഷത്തെ B.Arch പ്രോഗ്രാം പൂർത്തിയാക്കുന്നതിനായി ഇത് ഒരു പ്രത്യേക കേസായി കണക്കാക്കി മേഴ്സി ചാൻസ് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG Combined), ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

ടി ശിപാർശ പരിഗണിച്ച വൈസ് ചാൻസലർ പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് 07.10.2025 തീയതിയിൽ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ചിരുന്നു. 31.10.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം ടി വിഷയം പരിഗണിക്കുകയും മേൽ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, ചെയർമാൻ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ (UG & PG Combined ) നൽകിയ ശിപാർശ അംഗീകരിക്കുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .Muyassir Moidu
2.പി എസ് ടു വി .സി /പി.വി.സി
3 .പി .എ ടു രജിസ്ട്രാർ/പരീക്ഷ കൺട്രോളർ
4 .എ ആർ / ഡി ആർ / ജെ ആർ (പരീക്ഷ /അക്കാഡമിക് )
5 . എ സി സി I / എ സി സി II സെക്ഷനുകൾ
6. EI 32/EA 1 /EB 7/ IT Cell സെക്ഷനുകൾ
7 .PRO സെക്ഷൻ /University Website / IQAC
8 .റെക്കോർഡ്സ് സെക്ഷൻ /ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 25667/AC A4-1/2025/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 02-Dec-2025 03:34 PM - Page 2